8892
28/8/14

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- വയനാട് മഹിളാ മന്ദിരത്തിന് പുതിയ കെട്ടിടം നിർമ്മിച്ചതിന് നിർമ്മാണ ഏജൻസിയായ HLL Life Care Ltd -ന് നൽകാനുള്ള തുക സാമൂഹ്യ നീതി ഡയറക്ടറുടെ TSB അക്കൗണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (സാധാ)നം.550/2014/സാനീവ തീയതി, തിരുവനന്തപുരം, 27.08.2014

---

പരാമർശം:- 1. 14.1.11 ലെ സ.ഉ (സാധാ)24/11/ സാനീവ നമ്പർ ഉത്തരവ്
2. 23.3.13 ലെ സ.ഉ (സാധാ)128/13/ സാനീവ നമ്പർ ഉത്തരവ്
3. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 02.8.2014ലെ F5- 5838/10 നമ്പർ കത്ത്

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള വയനാട് മഹിളാ മന്ദിരത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 150 ലക്ഷം രൂപയ്ക്ക് പരാമർശം ഒന്നു പ്രകാരം ഭരണാനുമതി നൽകിയതും പ്രസ്തുത കെട്ടിടം 306.2013-ൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ടി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ആകെ ചെലവായ 1,46,75,297/- രൂപയിൽ 112.50 ലക്ഷം രൂപ നിർമ്മാണ ഏജൻസിയായ HLL Life Care Ltd -ന് നൽകിയതും ബാക്കിതുകയായ 34,25,297/- രൂപ ടി സ്ഥാപനത്തിന് നൽകാനുള്ളതുമാണ്. ടി കെട്ടിട നർമ്മാണത്തിന് ഭരണാനുമതി നൽകിയ 2235-02-800-92 (P) എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും എന്നാൽ പരാമർശം രണ്ടിലെ ഉത്തരവനുസരിച്ച് കാസർഗോഡ് പരവനടുക്കത്ത് മഹിളാമന്ദിരം കെട്ടിടത്തിന്റെ ബാക്കി പണി പൂർത്തിയാക്കാൻ 132 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതായും എന്നാൽ പ്രസ്തുത പണി പൂർത്തിയാക്കാൻ 75.9 ലക്ഷം രൂപ മാത്രമേ ആവശ്യമുള്ളൂ എന്നതിനാൽ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ TSB അക്കൗണ്ടിലുള്ള 132 ലക്ഷം രൂപയിൽ നിന്ന് 75.9 ലക്ഷം രൂപ കഴിച്ചുള്ള 56,10,000/- രൂപയിൽ നിന്ന് HLL Life Care Ltd -ന് നൽകാനുള്ള തുക അനുവദിയ്ക്കണമെന്ന് പരാമർശം 3 പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വയനാട് മഹിളാമന്ദിരത്തിന് പുതിയ കെട്ടിടം നിർമ്മിച്ച വകയിൽ നിർമ്മാണ ഏജൻസിയായ HLL Life Care Ltd -ന് നൽകാനുള്ള ബാക്കിതുകയായ 34,25,297/- രൂപ (മുപ്പത്തിനാല് ലക്ഷത്തി ഇരുപത്തിഅയ്യായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിഏഴ് രൂപ മാത്രം) സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ STSB അക്കൗണ്ടിൽ (14907) നിക്ഷപിച്ചിട്ടുള്ള തുകയിൽ നിന്നും മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എൻ.ബി.കോമളവല്ലി അമ്മ**
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.